# ടെണ്ടർ പരസ്യം

ചോറ്റാനിക്കര ദേവസ്വം അസി. കമ്മീഷ്ണറുടെ കാര്യാലയത്തിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൽ കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിലെ പടിഞ്ഞാറെ നടയിലെ കൗണ്ടറും, തെക്കെ നടയിലും, വടക്കെ നടയിലും ദേവസ്വം നിർദ്ദേശിക്കുന്ന സ്ഥലത്തും ദർശനത്തിന് വരുന്ന ഭക്തജനങ്ങളുടെ ചെരുപ്പും ലഗേജും സൂക്ഷിയ്ക്കുന്നതിന്റെ അവകാശം 2022 നവംബർ 17 മുതൽ 2023 നവംബർ 16 കൂടി ലേലം/ടെണ്ടർ ചെയ്തു നല്കുവാൻ തീരുമാനിച്ചിരിക്കുന്നു.(1198 എം ഇ വൃശ്ചികം 1 മുതൽ 1199 എം ഇ തുലാം 30 കൂടി)

ടി ലേലം **2022 October** മാസം **19-ാം** തിയ്യതി **ഉച്ചയ്ക്ക് 2.30 മണിയ്ക്ക്** ചോറ്റാനിക്കര ദേവസ്വം അസി. കമ്മീഷ്ണറുടെ കാര്യാലയത്തിൽ വച്ച് നടത്തുന്നതാണ്. ടെണ്ടറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേദിവസം **ഉച്ചയ്ക്ക് 12 മണി** വരെ ചോറ്റാനിക്കര ദേവസ്വം അസി. കമ്മീഷ്ണർ ഓഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. മേൽ പ്രകാരം ഉള്ള കൗണ്ടറുകൾ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ഏറ്റെടുക്കാൻ തയ്യാറുള്ളവർ സംഖ്യയും പൂർണ്ണ മേൽ വിലാസവും ഫോൺ നമ്പറും രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ ഹാജരാക്കേണ്ടതാണ്.

ടെണ്ടറിനോടൊപ്പം 25,000/-ക നിരതദ്രവ്യമായി ബാങ്ക് ഓഫ് ബറോഡ ചോറ്റാനിക്കര ശാഖയിൽ ചോറ്റാനിക്കര ദേവസ്വം അസി. കമ്മീഷ്ണറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം വെക്കേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിക്കുന്നതായിരിക്കും. ടെണ്ടർ സമർപ്പിച്ചവരും ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവരും സ്ഥലത്തും സമയത്തും ഹാജാരാകേണ്ടതാണ്. ലേലത്തിന് മുൻപായി 25,000/-ക അഡ്വാൻസയി കെട്ടി വെയ്ക്കേണ്ടതാണ് അഡ്വാൻസ് കെട്ടി വെയ്ക്കാത്തവർ ലേലത്തിൽ പങ്കെടുക്കാൻ പാടില്ലാത്തതകുന്നു.

ടി കൗണ്ടറുകൾ നടത്തുന്നതിന് ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിയ്ക്കുന്ന ആളുടെ പേരിൽ മൂന്ന് വാക്ക് വിളിച്ച് നിർത്തി ലേലത്തിനുശേഷം ഹാജരായിട്ടുള്ള ടെണ്ടർകാരുടെ സാനിധ്യത്തിൽ ലഭിച്ച ടെണ്ടറുകൾ തുറക്കുന്നതായിരിയ്ക്കും. ലേലത്തുകയോ ടെണ്ടർതുകയോ ഏതാണ് കൂടുതൽ സംഖ്യ എന്ന് നോക്കി കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ ഉറപ്പിയ്ക്കുന്നതായിരിയ്ക്കും.

ലേലം/ടെണ്ടർ ഉറപ്പിക്കുന്ന ആൾ ലേലത്തുകയുടെ 25% സംഖ്യയും ആയതിന്റെ ജി എസ് ടിയും അപ്പോൾ തന്നെ സത്രം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യകൾ 3 തുല്യ ഗഡുക്കളായി യഥാക്രമം **2023 ഫെബ്രുവരി 17, 2023 മെയ് 17, 2023 അഗസ്റ്റ്** 17 എന്നീ തിയ്യതികൾക്കു മുൻപ് സംഖ്യയും ആയതിന്റെ ജി എസ് ടിയും അടച്ച് രശീതി വാങ്ങിയിരിക്കേണ്ടതാണ്, കൂടാതെ സംഖ്യകൾ കൃത്യസമയത്ത് അടയ്ക്കാത്ത പക്ഷം 20% കൂടുന്ന പലിശ ഈടാക്കുന്നതാണ് കൂടാതെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതി മാസം 300/-ക വീതം അടയ്ക്കേണ്ടതുമാണ്. ലേലത്തുകയുടെ ബാക്കി സംഖ്യയ്ക്ക് ബാങ്ക് ഗ്യാരണ്ടി കൂടി സമർപ്പിക്കേണ്ടതാണ്.

ലേലം ഉറപ്പിച്ച് ബഹു: ബോർഡിൽ നിന്നും ഉത്തരവ് ലഭിയ്ക്കുന്ന മുറയ്ക്ക് ലേലകാരന്റെ സ്വന്തംചിലവിൽ ദേവസ്വം നിബന്ധനകൾക്ക് വിധേയമായി 200/-ക മുദ്രപത്രത്തിൽ കരാർ എഴുതേണ്ടതും കാരറുകാരന്റെ അധാർകാർഡിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി ഹാജരാക്കേണ്ടതുമാണ്.

ദർശനത്തിന് വരുന്ന ഭക്തജനങ്ങളിൽ നിന്നും ചെരുപ്പ് ജോഡി 1ക്ക് 2/-കയും ലഗേജ് 1ക്ക് 8/-യും മാത്രമേ ഈടാക്കാൻ പാടുള്ളൂ. ഭക്തർ സൂക്ഷിയ്ക്കാൻ നല്കുന്ന സാധനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ലേലക്കാരനിൽ നിക്ഷിപ്തമായിരിക്കും കൗണ്ടറുകളുടെ പുറത്ത് നിരക്കുകൾ കാണിക്കുന്ന ബോർഡുകൾ എഴുതി വെയ്ക്കേണ്ടതാണ്.

ചെരുപ്പ് കൗണ്ടറും പരിസരവും വൃത്തിയായി സൂക്ഷിയ്ക്കേണ്ടതും ക്ഷേത്ര ചാരമര്യാദകൾ പലിക്കേണ്ടതുമാകുന്നു. കൗണ്ടർ മറ്റ് യാതൊരു വിധ ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതകുന്നു. കൗണ്ടാറുകളിലെ ചെരുപ്പ് സുക്ഷിക്കുന്ന റാക്ക്, ലഗേജ് സൂക്ഷിക്കുന്ന റാക്ക് എന്നിവയുടെ ഉത്തരവാദിത്വം അക്കോമഡേഷൻ മാനേജരിൽ നിന്നും ഏറ്റുവാങ്ങി സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിയ്ക്കേണ്ടതും ലേല കാലാവധി കഴിയുന്ന മുറയ്ക്ക് തിരികെ ഏല്പിക്കേണ്ടതുമാണ്. കൗണ്ടറുകളിൽ കൂടുതലായി സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെങ്കിൽ ആയത് ലേലക്കാരന്റെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ് കൗണ്ടറിലെ ഉരുപ്പടികൾ കേടു വരുത്തുകയോ മറ്റോ ചെയ്താൽ നിരതദ്രവ്യത്തിൽ നിന്നും ഈടാക്കുന്നതാകുന്നു. മേൽ പ്രകാരം ലേലം കൊണ്ടയാൾ സംഖ്യകൾ അടയ്ക്കാതിരിക്കുകയോ വകുപ്പിന് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ വരുത്തുകയോ ചെയ്താൽ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ട ആൾക്ക് ഉണ്ടായിരിക്കുന്നതാണ്.

വകുപ്പിന് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ സംഭവിച്ചാൽ റവന്യൂ റിക്കവറി നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് താഴെ ഒപ്പിട്ട ആൾക്ക് അധികാരം ഉള്ളതാകുന്നു.

ചെരുപ്പ് ലേലവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കോ മറ്റേതെങ്കിലും അധികാരികൾക്കോ ഏതെങ്കിലും വിധത്തിൽ സംഖ്യ അടയ്ക്കേണ്ടതായി വന്നാൽ ലേലം കൊണ്ടയാൾ ആയത് അടയ്ക്കാൻ ബാധ്യസ്ഥനായിരിക്കും

ലേലം മാറ്റിവെയ്ക്കുന്നതിനോ വേണ്ടന്ന് വെയ്ക്കുന്നതിനോ മറ്റ് യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിനോ താഴെ ഒപ്പിട്ട ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തെ പറ്റി കൂടുതൽ വിവരം അറിയാൻ ആഗ്രഹിക്കുന്നവർ അസി. കമ്മീഷ്ണർ ഓഫീസിലോ സത്രം ഓഫീസുകളിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

അസിസ്റ്റന്റ് കമ്മീഷ്ണർ

ചോറ്റാനിക്കര ദേവസ്വം